**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2958** **13-10-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരം അൻപത് മീറ്റർ കടൽതീരത്തിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഇരുന്നൂറ് മീറ്റർ പുറത്തേയ്ക്ക് സുരക്ഷിതമായി പുനർ അധിവസിപ്പിക്കുന്നതിനുള്ള ഫിഷറീസ് വകുപ്പിന്റെ നടപടി ഏതുഘട്ടം വരെ ആയി എന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം. 06.10.2021 വരെ തീരദേശ ജില്ലകളിൽ പദ്ധതിയിൽ അംഗങ്ങളാകാൻ തയ്യാറായ 10949 ഗുണഭോക്താക്കളെ ജില്ലാതല അപ്പ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ മാറിതാമസിക്കാൻ  തയ്യാറായ 7682 ഗുണഭോക്താക്കളിൽ 2362  പേരുടെ ഭൂമിവില അംഗീകരിച്ചിട്ടുണ്ട്. 1791 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 1298 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. 625 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.  276   പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേക്ക് താമസം മാറിയിട്ടും ഉണ്ട്.   898 പേരുടെ ഫ്ലാറ്റ് നിർമ്മാണം വിവിധ ഘട്ടങ്ങളിൽ ആണ്. ഫിഷറീസ് വകുപ്പ് മുഖേന തീരദേശത്ത് നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതായി കണ്ടെത്തിയ 18685 മത്സ്യത്തൊഴിലാളി കുടുബങ്ങളും ടി പ്രദേശത്ത് അധിവസിക്കുന്ന ഇതര വിഭാഗക്കാരും ഇതിൽ ഉൾപ്പെടാത്തവരും എന്നാൽ വ്യത്യസ്ത റേഷൻ കാർഡിന് ഉടമകളായിട്ടുമുള്ളവരെ വ്യത്യസ്ത ഗുണഭോക്താക്കളായും പരിഗണിച്ച് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിച്ചിരുന്നവരും എന്നാൽ ഫിഷറീസ് വകുപ്പ് തയാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്തവരും ഉണ്ടെങ്കിൽ അതാത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ വ്യക്തവും വിശദവുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ D L A C അംഗീകാരത്തിന് |

| | | | |
|---|---|---|---|
| | | | വിധേയമായി ജില്ലയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കുന്നതാണ് . |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഇരുന്നൂറ് മീറ്റർ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റുമ്പോൾ നേരത്തെയുള്ള അൻപത് മീറ്റർ തീരപ്രദേശത്ത് ജൈവകവചം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതു വഴി തീരത്ത് ലഭ്യമാകുന്ന ഭൂപ്രദേശത്ത് ജൈവകവചം ഒരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ